ESTD. 1854

For Private Circulation

ലക്കം 14



# CSI St. PAUL'S CHURCH

## KUNNAMKULAM

(Out Stations : Talikulam & Kattakampal)

www.stpaulscsikunnamkulam.in



## Christ is Risen

**MONTHLY NEWS LETTER - APRIL 2022**

**Motto : "എഴുന്നേറ്റ് പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സും നിന്റെ മേൽ ഉദിച്ചിരിക്കുന്നു." യെശയ്യാവ് 60:1**

ക്രിസ്തുവിൽ പ്രിയരേ,
സ്നേഹ വന്ദനങ്ങൾ....

നാം ഇപ്പോൾ നോമ്പുകാല ജീവിത വീഥിയിലൂടെ യാത്ര ചെയ്തു കൊണ്ടിരിക്കുകയാണല്ലോ? നോമ്പ് നമ്മുടെ ശരീര ആത്മ ദേഹികളുടെ ശുദ്ധീകരണത്തിന് പ്രയോജനപ്പെടേണ്ടതാണ്. ആചാരങ്ങൾ മനുഷ്യനെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നില്ല, എന്നാൽ അതിനുള്ള സാധ്യതകൾ വിശാലമാക്കുന്നുണ്ട്. നോമ്പിന്റെ പരമ പ്രധാന ലക്ഷ്യമായ ശുദ്ധീകരണം വ്യത്യസ്ത തലങ്ങളിൽ നമുക്ക് അനുഭവിച്ച് അറിയുവാൻ കഴിയണം അതുപോലെ മറ്റുള്ളവർക്ക് അത് സാക്ഷ്യവും ആയിരിക്കണം. ആത്മാവിന്റെ, മനസ്സിന്റെ ശുദ്ധീകരണത്തിന് അനുയോജ്യമായ സാഹചര്യങ്ങൾ തുറന്നുതരുന്ന വാതിലാണ് '**ക്ഷമ**.' ക്ഷമിക്കുവാൻ കഴിയുമ്പോൾ വികാരങ്ങളുടെ, സംഘർഷങ്ങളുടെ പുറത്തേക്ക് ഒഴുകലുകളുടെ അവസരം സൃഷ്ടിക്കുന്നു. അതുപോലെ ശാന്തതയുടെയും സമാധാനത്തിന്റെയും ശുദ്ധവായു സ്വീകരിക്കുകയും ചെയ്യും. ഭക്ഷണപാനീയങ്ങളുടെയും ജീവിത രീതികളുടെയും മിതത്വവും ഇത്തരം ആഗമന ബഹിർഗമന പ്രവാഹങ്ങൾക്ക് സഹായകവുമാണ്. 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ' മത്തായി 7:12. യേശു കർത്താവിന്റെ ശിഷ്യന്മാർ തങ്ങൾക്ക് പ്രാർത്ഥിക്കാൻ പഠിക്കുന്നതിനുള്ള ആഗ്രഹം അറിയിച്ചപ്പോൾ യേശു തന്റെ ശിഷ്യന്മാർക്ക് പഠിപ്പിച്ചു നൽകിയ ഒരു പ്രാർത്ഥനയുടെ വാക്കുകൾ മത്തായി സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നതാണ് ഇത്. ഭക്ഷണപാനീയങ്ങളുടെ മിതത്വം പോലെ തന്നെ ശുദ്ധീകരണത്തിന് ക്ഷമ വളരെ പ്രാധാന്യമർഹിക്കുന്നു. 'ക്ഷമിച്ചിരിക്കുന്നതുപോലെ' എന്ന് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ സ്വയ ശുദ്ധീകരണത്തിനായി നോമ്പ് ആചരിക്കുന്ന വ്യക്തി മറ്റുള്ളവ

| The Rev. Shibumon C K | Eva. K. J. Johnson | Mr. Abraham Lincoln | Mr. Saji Joseph |
|---|---|---|---|
| Vicar & Chairman | Church Worker | Hon. Secretary | Hon. Treasurer |
| Mob: 9744077022 | Mob: 9847804326 | Mob: 9847099899 | Mob: 7592026272 |

രോട് ക്ഷമിച്ചിട്ടായിരിക്കണം നോമ്പിലേക്ക് പ്രവേശിക്കേണ്ടത്. ഏതെങ്കിലും നിഷേധാത്മക വികാരമോ, ശിക്ഷക്കുള്ള ആഗ്രഹമോ ഒഴിവാക്കുന്ന പ്രക്രിയയാണ് ക്ഷമ. മനഃശാസ്ത്രപരമായ അർത്ഥത്തിൽ ക്ഷമിക്കുക എന്നത് മനപ്പൂർവ്വവും സ്വമേധവുമായ പ്രക്രിയയാണ്. അതിലൂടെ തുടക്കത്തിൽ ഇരയായി തോന്നിയേക്കാമെങ്കിലും വികാരങ്ങളിലും മനോഭാവത്തിലും മാറ്റം വരുത്തുകയും നീരസം പോലുള്ള നിഷേധാത്മക വികാരങ്ങളെ മറികടക്കുന്നതിന് സാധിക്കുകയും ചെയ്യും. നെഗറ്റീവ് മനോഭാവത്തെ പുറത്താക്കി പോസിറ്റീവ് മനോഭാവത്തെ സ്വീകരിക്കുന്നു. മനസ്സിന്റെ ശുദ്ധീകരണത്തിന് ഇത്തരം ബഹിർഗമന ആഗമന പ്രവാഹങ്ങൾ സഹായകരമാണ്. ശുദ്ധീകരണത്തിന് ദൈവ ക്ഷമയുടെ ഭാഗം വളരെ പ്രധാനവും വലുതുമാണ്. നാം മറ്റുള്ളവർക്ക് ക്ഷമ നൽകിയതുപോലെ നമുക്കും ഈ നോമ്പുകാലത്ത് ദൈവസന്നിധിയിൽ നിന്നും ക്ഷമ പ്രാപിക്കാം, ശുദ്ധീകരണം പ്രാപിക്കാം അതിനായി ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ കൃപ നൽകി സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.

**ഷിബു അച്ചൻ**

# *Wedding Anniversary in April*

| | |
|---|---|
| 07.04.2022 | Mr. സജി ജോസഫ്, പാറക്കൽ & Mrs. ശുഭ |
| 07.04.2022 | Mr. ജോസ് പി. ഫ്രെഡറിക്, പയ്യൂർ & Mrs. റോസിലി |
| 09.04.2022 | Mr. ടിനു ടോംസ്, ചോഴിയാറ്റിൽ & Mrs. അനുമോൾ |
| 11.04.2022 | Mr. ജെയ്മി തോമസ് ചുങ്കത്ത് & Mrs. ബിന്ദു |
| 14.04.2022 | Mr. ബേബി വി.ഡി. വാരിക്കാട് & Mrs. ഷീല |
| 16.04.2022 | Mr. ജോബ് ഫിലിപ്പ് തെക്കൂട്ട് & Mrs. ഷാംലി |
| 19.04.2022 | Mr. റജി തോമസ് പാറക്കൽ & Mrs. ജീനി |
| 21.04.2022 | Mr. ജെയ്സൻ ചെറുകാക്കശ്ശേരി & Mrs. സുനിത |
| 27.04.2022 | Mr. സുനിൽ ആഡ്രൂസ് എഴുത്തുപുരയ്ക്കൽ & Mrs.വിക്റ്റി |
| 28.04.2022 | Mr. ബാബു ചാക്കോ മണ്ടുംപാൽ & Mrs. ബീന |
| 30.04.2022 | Mr. ജെയ്പാൽ നെൽസൺ, രാവരി & Mrs. അമ്മിണി |

*വിവാഹ വാർഷിക മംഗളങ്ങൾ...*

# Birthday in April

| Date | | Name |
|---|---|---|
| 04 | - | സോന സാബു, പുലിക്കോട്ടിൽ |
| 04 | - | ഷാജി എ.ഡി.എസ്, അദിയുന്തൻ |
| 05 | - | സുധീർ വില്ല്യം ചീരൻ |
| 06 | - | റവ. പി.ജി. തോംസൺ |
| 06 | - | സാറ കരോളിൻ മാത്യു, ചാലക്കുഴിയിൽ |
| 08 | - | ഡെയ്സി ഇട്ടൂപ്പ് ക്രിസ്റ്റി, പള്ളിപ്പറമ്പിൽ |
| 09 | - | മേരി ജോണി, പുളിയൻപറമ്പിൽ |
| 10 | - | റിച്ചാർഡ്സൺ ജേക്കബ്, എടപ്പുള്ളി |
| 10 | - | മിത്ര പ്രവീൺ, കളത്തിൽ |
| 11 | - | ജിബി സൈസൺ, തലക്കോട്ടുകര |
| 13 | - | ദീപ പി. സാബു, പുലിക്കോട്ടിൽ |
| 13 | - | ലാസർ ജോസ്, കിഴക്കൂട്ട് |
| 14 | - | ഗീത ജെയിംസ്, പയ്യൂർ |
| 14 | - | അലക്സ് ആൻഡ്രൂസ് സുനിൽ |
| 14 | - | അന്നം ജോണി, മൂളിപ്പറമ്പിൽ |
| 15 | - | മേരി സിംസൺ ജെയ്മി, പുനരഞ്ചേരി |
| 16 | - | ജോൺ ആന്റണി പള്ളിപ്പറമ്പിൽ |
| 16 | - | ബിനു വില്യംസ്, അന്തിക്കാട് |
| 19 | - | സോളമൻ കിഴക്കൂട്ട് |
| 20 | - | ലിയോ ജോയി, പുലിക്കോട്ടിൽ |
| 20 | - | മോളി ജോൺസൺ, കാരമുക്കിൽ |
| 22 | - | തങ്കമണി ജേക്കബ്, എടപ്പുള്ളി |
| 22 | - | ആദർശ് സാജൻ, എഴുത്തുപുരക്കൽ |
| 23 | - | സിമി വിനു, പറപ്പൂർ |
| 25 | - | ഷെറി ചിന്നൻ, ചെറുവത്തൂർ |
| 26 | - | സൈസൺ വർഗ്ഗീസ്, തലക്കോട്ടുകര |
| 27 | - | ജോഷി ജോൺസൺ, കിളിയനാട്ടുപറമ്പിൽ |
| 29 | - | ജോയൽ കെ. ജോയി, കിടങ്ങൻ |
| 29 | - | ഡോ. ബിജു എബ്രഹാം |



ജന്മദിനാശംസകൾ...

# വാർത്തകളും കുറിപ്പുകളും

## ആരാധനകൾ

കോവിഡിന്റെ വെല്ലുവിളികളിൽ നിന്നും നാം പൂർണമായി മുക്തരായിട്ടില്ല എങ്കിലും ഒരു പരിധിവരെ നാം പ്രതിരോധശേഷി കൈവരിച്ചിരിക്കുന്നു. ആരാധന കളിലും വിവിധ ശുശ്രൂഷകളിലും ക്രമമായും കുടുംബമായും കൃത്യസമയങ്ങളിൽ പങ്കെടുക്കുവാൻ എല്ലാവരും സഹകരിക്കുമല്ലോ?. ദീർഘനാളുകളായി കുടുംബ ത്തിൽ നിന്നും ഒരാൾ പോലും ആരാധനകളിൽ പങ്കെടുക്കാത്തവർ ഉണ്ട് എന്നത് സങ്കടകരമാണ്. എല്ലാ ഞായറാഴ്ചകളിലും പതിവുപോലെ രാവിലെ 9 മണിക്ക് ആരാധന സമയം തുടരുന്നതാണ്. ഒന്നും മൂന്നും ഞായർ ആരാധനകളിൽ വിശുദ്ധ സംസർഗ്ഗത്തിന് അവസരം ഉണ്ടായിരിക്കുന്നതാണ്.

## നോമ്പുകാല പ്രത്യേക ആരാധനകൾ

ഈ നോമ്പുകാലത്ത് എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരം 6:30 ന് ദൈവാലയത്തിൽ നോമ്പുകാല സന്ധ്യ ആരാധന ക്രമമായി നടന്നുവരുന്നു. വെള്ളി യാഴ്ചകളിൽ രാവിലെ 9 മണി മുതൽ 10:30 വരെ വ്യക്തിപരമായ പ്രാർത്ഥന ധ്യാന വും തുടർന്ന് വചന ധ്യാനം, മധ്യസ്ഥ പ്രാർത്ഥന എന്ന രീതിയിൽ ഉപവാസ പ്രാർത്ഥ നയും ഉച്ചവരെയുള്ള സമയങ്ങളിൽ ക്രമീകരിച്ചിരിക്കുന്നു.

## സൺഡേ സ്കൂൾ

മഹാമാരിയുടെ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു 2021 ലെ സൺഡേ സ്കൂൾ ക്ലാസുകൾ. എങ്കിലും ലഭ്യമായ സാധ്യതകൾ പ്രയോജനപ്പെടുത്തി അധ്യാപ നം നിർവഹിച്ച ഏവരെയും അഭിനന്ദിക്കുന്നു. 2022 വർഷത്തിലെ സൺഡേ സ്കൂൾ ക്ലാസ്സുകൾ ആരംഭിച്ചു. രണ്ടുവർഷം വീതമുള്ള പാഠ്യക്രമം ആണ് ഈ വർഷം മുതൽ ഉപയോഗിക്കുന്നത്. ജനന വർഷം 2005 മുതൽ 2018 വരെയുള്ള എല്ലാ കുട്ടികൾ ക്കും സൺഡേ സ്കൂൾ ക്ലാസ്സിൽ രജിസ്റ്റർ ചെയ്തു പഠിക്കുവാൻ സാധിക്കും. കുട്ടി കളും മാതാപിതാക്കളും ഇക്കാര്യത്തിൽ ശ്രദ്ധിക്കുമല്ലോ?

## യുവജനസഖ്യം

ഇടവകയുടെ ആത്മീയ ഭൗതിക വളർച്ചയ്ക്കും നിലനിൽപ്പിനും യുവ ജന പങ്കാളിത്തം വളരെ പ്രധാനമാണ്. ആരാധനകളിലും ശുശ്രൂഷകളിലും പങ്കെടുക്കു ന്നതിന് യുവജനങ്ങൾ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇടവക യുവജനസഖ്യം മഹായിടവക തലത്തിൽ രജിസ്റ്റർ ചെയ്തു. അംഗത്വ രജിസ്ട്രേഷൻ ഫീസ് എന്ന നിലയിൽ ജോലി ഉള്ളവർ 100 രൂപ വീതവും ജോലി ഇല്ലാത്തവർ 50 രൂപ വീതവും നൽകുക. എല്ലാ മൂന്നാം ഞായറാഴ്ചകളിലും യുവജനസഖ്യം മീറ്റിംഗിനായി കൂടി വരുവാൻ ശ്രദ്ധിക്കുക.

## സ്ത്രീജന സഖ്യം

തലമുറകളെ ദൈവവചനം പഠിപ്പിക്കുന്നതിന് സഭയിലെ സ്ത്രീകൾക്കും അമ്മമാർക്കും വളരെ പ്രധാനപ്പെട്ട പങ്കുണ്ട്. നേടുന്നതോ ആർജ്ജിക്കുന്നതോ മാത്രമേ കൈമാറ്റം ചെയ്യുവാൻ കഴിയൂ. സ്ത്രീജന സഖ്യ കൂട്ടായ്മയുടെ ഭാഗമാകുന്നത് വഴി ദൈവവചനം പഠിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അവസരം പ്രയോജനപ്പെടുത്താം. സ്ഥിരീകരണം കഴിഞ്ഞ എല്ലാ വനിതകളും സ്ത്രീജന സഖ്യത്തിന്റെ ഭാഗമാണ്. അംഗത്വ ഫീസായ 50 രൂപ നൽകി എല്ലാ വനിതകളും സഹകരിക്കുക. എല്ലാ മാസത്തിലെയും ആദ്യ ഞായറാഴ്ച ആരാധനയ്ക്ക് ശേഷം കൂട്ടായ്മയായി കൂടി വരുക.

## ഗ്രീൻ പ്രോജക്ട്

പൈതൃകമായി ലഭിച്ച ധാരാളം ഭൂമി നമ്മുടെ കൈവശമുണ്ട്. ഈ ഭൂമിയെ ഫലപ്രദമായി വിനിയോഗിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. മരങ്ങളും ചെടികളും തണലും ക്രമീകരിച്ച് അനുയോജ്യമായ ഫല വൃക്ഷ ചെടികൾ നട്ടു പിടിപ്പിക്കുന്നതിന് എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ജന്മദിനം വിവാഹ വാർഷികം തുടങ്ങിയ പ്രത്യേക സന്ദർഭങ്ങളുടെ ഓർമ്മയ്ക്കായി ഈ അവസരം ഉപയോഗിക്കാം വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## കൺവെൻഷൻ വിശുദ്ധവാര ശുശ്രൂഷകൾ

കോവിഡിന്റെ സാഹചര്യത്തിൽ കഴിഞ്ഞ വർഷങ്ങളിൽ നടത്തുവാൻ കഴിയാതിരുന്ന കൺവെൻഷൻ ഈ വർഷം പുനർ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നു. ആത്മീക ഉണർവിന്റെയും കൂട്ടായ്മയുടെയും കരുത്ത് വർദ്ധിപ്പിക്കുന്നതിന് കൺവൻഷനുകൾ സഹായകരമാണ്. ഏപ്രിൽ മാസം 12, 13, 14 തീയതികളിൽ നടത്തുന്ന കൺവെൻഷനുകളിൽ റവ. ജോസഫ് സാമുവൽ യു.ടി.സി. ബാംഗ്ലൂർ, ജി. ബാബു രാജൻ കാമ്പസ് ഫെലോഷിപ്പ് കോഴിക്കോട് എന്നീ ദൈവദാസർ വചനശുശ്രൂഷ നിർവഹിക്കുന്നതാണ്. എല്ലാവരും കുടുംബമായി ഈ കൂട്ടായ്മകളിൽ വന്നു സംബന്ധിക്കുക.

## ആദരവ് സമർപ്പണം

കഴിഞ്ഞ വർഷം മഹായിടവക തലത്തിൽ ആദരിച്ചവർ മുൻവർഷം സൺഡേസ്കൂൾ അധ്യാപകരായി സേവനം ചെയ്തവർ, സൺഡേ സ്കൂൾ ക്ലാസ്സുകളിൽ മികച്ച വിജയം കൈവരിച്ചവർ, സൺഡേ സ്കൂൾ വിദ്യാർഥികൾ എന്നിവരെ ഹോശന്ന ഞായർ ആരാധന മധ്യേ സമ്മാനങ്ങൾ നൽകി ആദരിക്കുന്നു.

## സ്തോത്ര കാഴ്ച സമർപ്പണം

ജന്മദിനം, വിവാഹവാർഷികം, ദശാംശം, തുടങ്ങി പ്രത്യേക സംഭാവനകൾ നൽകുന്നവരെ ആദരപൂർവ്വം ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. സഭയുടെ വര

വ് ചെലവുകൾ ക്രമീകൃതമായി സൂക്ഷിക്കുന്നതിനും ഓരോ കുടുംബത്തിന്റെയും സാമ്പത്തിക സഹകരണത്തിന്റെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിനും ഏവരും പേര് വീട്ടുപേര് ഇനം തുക തീയതി എന്നിവ കവറുകളിൽ രേഖപ്പെടുത്തി സമർപ്പിക്കുവാൻ ശ്രദ്ധിക്കുക. ഞായറാഴ്ച ആരാധനകളിൽ ലേല വസ്തുക്കൾ കൊണ്ടുവരുന്നവരും അവ ലേലത്തിൽ സ്വീകരിക്കുന്നവരും സഭയുടെ ലേല രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് സഹകരിക്കുക.

## സഭാ മിത്രം

മഹായിടവക തല വാർത്തകൾ അറിയുന്നതിന് സഭാ മിത്രം വായിക്കുന്നത് സഹായിക്കും ഓരോ കുടുംബങ്ങളിലും സഭാ മിത്രം ഉണ്ട് എന്ന് ഉറപ്പാക്കുക, സഭാ മിത്ര ത്തിന്റെ വാർഷിക വരിസംഖ്യയും പുതിയ വരിസംഖ്യയും ദേവാലയത്തിൽ സ്വീകരിക്കുന്നതാണ്. പുതിയ വരിക്കാർ ആകുന്നവർ വാർഷിക വരിസംഖ്യയായ 200 രൂപയും അഡ്രസ്സും നൽകുക.

## നോമ്പുകാല വേദപഠന പരീക്ഷ

പഴയ നിയമത്തിൽ നിന്നും എസ്രാ നെഹെമ്യാവ് എന്നീ പുസ്തകങ്ങളും പുതിയ നിയമത്തിൽ നിന്നും മത്തായി സുവിശേഷവും പഠനത്തിനായി മഹായിടവക തലത്തിൽ തെരഞ്ഞെടുത്തിരിക്കുന്നു, പരീക്ഷകൾ ഏപ്രിൽ മാസം ഇരുപത്തിരണ്ടാം തീയതി ആരാധനയ്ക്കു ശേഷം നടത്തുന്നത് ആയിരിക്കും.

## സ്ത്രീജന സഖ്യം ഏരിയ മീറ്റിംഗ്

തൃശ്ശൂർ ഏരിയ സ്ത്രീജന സഖ്യത്തിന് ഏകദിന ധ്യാനയോഗം ഏപ്രിൽ മാസം ഒമ്പതാം തീയതി മണ്ണുത്തി ദേവാലയത്തിൽവച്ച് ക്രമീകരിച്ചിരിക്കുന്നു. സ്ത്രീജനസഖ്യ അംഗങ്ങൾ ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ ഉത്സാഹിക്കുക. ബൈബിൾ ക്വിസ് വേദഭാഗങ്ങൾ സെഫന്യാവ്, ഹഗ്ഗായി.

## നോമ്പുകാല സാധു സഹായം

നോമ്പുകാലത്ത് നാം സ്വയ വർജ്ജനം ആയി മാറ്റിവയ്ക്കുന്ന വിഭവങ്ങൾ സമാഹരിച്ച് ഭക്ഷണത്തിന് പ്രയാസം അനുഭവിക്കുന്നവരുടെ പ്രയാസങ്ങൾ പരിഹരിക്കുന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു ഇതിലേക്കായി പ്രത്യേക സംഭാവനകൾ സ്വീകരിക്കുന്നതാണ്.

## ഇടവക വാർഷിക കൺവെൻഷൻ

**12.04.2022 6.30 pm സന്ദേശം : റവ. ജോസഫ് സാമുവൽ**
**13.04.2022 6.30 pm സന്ദേശം : റവ. ജോസഫ് സാമുവൽ**
**14.04.2022 6.30 pm സന്ദേശം : ഇവ. ജി. ബാബുരാജൻ**


റവ. ജോസഫ് സാമുവൽ


ഇവ. ജി. ബാബുരാജൻ

# PROGRAMME FOR APRIL 2022

| | | |
|---|---|---|
| 03.04.2022<br>9.00 am<br>വി.സ. | ഈസ്റ്ററിന് മുൻപ് രണ്ടാം ഞായർ<br>കുരിശും ശിഷ്യത്വത്തിന്റെ<br>പുതിയ മാതൃകയും | ഉൽപത്തി 26 : 12 – 33<br>സങ്കീർത്തനങ്ങൾ 92<br>2 കൊരിന്ത്യർ 11:21 – 31<br>മർക്കോസ് 10: 46 – 52 |
| 10.04.2022<br>9.00 am<br>വി.സ. | ഹോശാന ഞായർ<br>ഹോശാന : കർത്താവേ രക്ഷിക്കണമേ | സെഖര്യാവ് 9:1 – 12<br>സങ്കീർത്തനങ്ങൾ 118:19 – 29<br>തിമോത്തിയോസ് 4 : 6 – 16<br>ലൂക്കോസ് 19 : 29 – 40 |
| 12.04.2022<br>6.30 pm | വാർഷിക കൺവെൻഷൻ<br>സന്ദേശം : റവ. ജോസഫ് സാമുവേൽ | |
| 13.04.2022<br>6.30 pm | വാർഷിക കൺവെൻഷൻ<br>സന്ദേശം : റവ. ജോസഫ് സാമുവേൽ | |
| 14.04.2022<br>6.30 pm<br>വി.സ. | പെസഹ വ്യാഴം. തിരുവത്താഴം :<br>കഷ്ടപ്പെടുന്ന മനുഷ്യവർഗ്ഗത്തിന്റെ /<br>മാനവികതയുടെ കൂട്ടായ്മ<br>സന്ദേശം : ഇവ. ജി. ബാബുരാജൻ | പുറപ്പാട് 12: 1 – 7<br>സങ്കീർത്തനങ്ങൾ 116<br>1 കൊരിന്ത്യർ 11: 23 – 34<br>മർക്കോസ് 14:17 – 25 |
| 15.04.2022<br>9.00 am | വലിയ വെള്ളി. കുരിശ് :<br>രക്ഷയുടെ സഫലീകരണം<br>സന്ദേശം : ഇവ. ജി. ബാബുരാജൻ | |
| 17.04.2022<br>5.00 am<br>വി.സ. | ഉയിർപ്പ് ഞായർ<br>പുനരുത്ഥാനം – അപരിമേയമായ<br>രൂപാന്തരത്തിന്റെ ആഘോഷം | 2 ശമുവേൽ 22:1 – 10<br>സങ്കീർത്തനങ്ങൾ 16<br>1 കൊരിന്ത്യർ 15: 20 – 28<br>മർക്കോസ് 16:1 – 11 |
| 24.04.2022<br>9.00 am | ഉയിർപ്പിന് പിൻപ് ആദ്യ ഞായർ<br>ഉയിർത്ത കർത്താവിനാലുള്ള<br>ശക്തീകരണം | ഉൽപത്തി 28 : 10 – 22<br>സങ്കീർത്തനങ്ങൾ 29<br>അപ്പോ. പ്രവ. 20:7 – 12<br>യോഹന്നാൻ 20:11 – 18 |
| 01.05.2022<br>9.00 am<br>വി.സ. | ഉയിർപ്പിന് പിൻപ് രണ്ടാം ഞായർ<br>ഉയിർത്ത കർത്താവിനോടൊപ്പമുള്ള<br>വചനത്തിന്റെ പുനർവായന | 2 ദിനവൃത്താന്തം 34:29 – 33<br>സങ്കീർത്തനങ്ങൾ 19: 7 – 14<br>അപ്പോ. പ്രവ. 8:26 – 40<br>ലൂക്കോസ് 24 : 13 – 27 |

*കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ ഇടവക പട്ടക്കാരൻ*

CSI പാഴ്സനേജ്, കുന്നംകുളം
Ph: 04885 227077

റവ. ഷിബുമോൻ സി.കെ.
Mob: 9744077022